സ്കൂൾ കുട്ടികൾക്കായുള്ള ഇൻഷ്വറൻസ് പദ്ധതി

12 [234] ശ്രീ.മാങ്കോട് രാധാകൃഷ്ണൻ:
,, ബിനോയ് വിശ്വം:
,, പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾക്കായി ഒരു ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്ത് നിലവിലുണ്ടോ;

(ബി) ഈ പദ്ധതി മുഖേന ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതി സംസ്ഥാനത്ത് എന്നുമുതലാണ് നടപ്പിലാക്കിയത്; കഴിഞ്ഞ അദ്ധ്യയന വർഷം എത്ര കുട്ടികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ പദ്ധതിമൂലം ലഭിക്കുന്ന ആനുകൂല്യങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) 1989-90 അദ്ധ്യയനവർഷം മുതലാണ് ഈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയത്. നാഷണൽ ഇൻഷ്വറൻസ് കമ്പനി, ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി, യുണൈറ്റഡ് ഇന്ത്യ അഷ്വറൻസ് കമ്പനി, ന്യൂ ഇന്ത്യ ഇൻഷ്വറൻസ് കമ്പനി എന്നീ പ്രമുഖ ഇൻഷ്വറൻസ് കമ്പനികൾ മുഖാന്തിരമാണ് ഈ പദ്ധതി നടപ്പിലാക്കിയത്. എന്നാൽ ഇൻഷ്വറൻസ് പ്രീമിയം തുകയിൽ വർദ്ധനവ് ആവശ്യപ്പെട്ടുകൊണ്ട് പദ്ധതി നടപ്പിലാക്കുവാൻ പ്രസ്തുത ഇൻഷ്വറൻസ് കമ്പനികൾ വിസമ്മതിച്ചതിനെ തുടർന്ന് പ്രസ്തുത സർക്കാർ ആനുമതിയോടുകൂടി വിദ്യാഭ്യാസവകുപ്പ് നേരിട്ട് 14-8-2002 മുതൽ നടപ്പിലാക്കിവരുന്നു. കഴിഞ്ഞ അദ്ധ്യയന വർഷം 817 കുട്ടികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

സ്കൂൾ പ്രവേശനത്തിന് ജനന സർട്ടിഫിക്കറ്റ്

13 [235] ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. പി. ജയരാജൻ:
,, എം. പ്രകാശൻ മാസ്റ്റർ:
,, രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഒന്നാം ക്ലാസ് പ്രവേശനത്തിന് ജനന സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ടോ;

(ബി) ഈ വർഷം പ്രവേശനം നേടിയ കുട്ടികളുടെ ജനന സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് എന്നു വരെയാണ് സാവകാശം നൽകിയിട്ടുള്ളത്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആദിവാസികളും സമൂഹത്തിലെ ദുർബല വിഭാഗങ്ങളും ജനനം രജിസ്റ്റർ ചെയ്യാത്തതുമൂലം, സർട്ടിഫിക്കറ്റ് നേടുന്നതിനും കുട്ടികളെ സ്കൂളിൽ ചേർക്കുന്നതിലും നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) ജനന സർട്ടിഫിക്കറ്റ് ഹാജരാക്കാൻ കഴിയാത്തതുമൂലം കുട്ടികളുടെ വിദ്യാഭ്യാസം മുടങ്ങുന്ന സാഹചര്യം ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ;

(ഇ) അനാഥാലയത്തിലെ കുട്ടികളുടെയും, ദത്തെടുക്കപ്പെട്ട കുട്ടികളുടെയും കാര്യത്തിൽ ജനനം രജിസ്റ്റർ ചെയ്യപ്പെടാത്ത സ്ഥിതിയിൽ ഇവരെ സ്കൂളിൽ ചേർക്കുമ്പോൾ ജനന സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന വ്യവസ്ഥയ്ക്ക് ഇളവ് നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ അദ്ധ്യയന വർഷം (2005-06) ജനന സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് മൂന്ന് മാസത്തെ സാവകാശം അനുവദിച്ചിട്ടുണ്ട്.

(സി ആൻറ് ഡി) പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഈ അദ്ധ്യയന വർഷം (2005-06) ജനന സർട്ടിഫിക്കറ്റ് നിർബന്ധമില്ല. മറ്റ് വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഈ അദ്ധ്യയന വർഷം ജനന സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് മൂന്ന് മാസത്തെ സാവകാശം അനുവദിച്ചിട്ടുണ്ട്.

(ഇ) ദത്തെടുക്കപ്പെട്ട കുട്ടികൾക്ക് ജനന സർട്ടിഫിക്കറ്റ് നൽകുന്നതിൽ നിന്നും ഇളവ് അനുവദിച്ചിട്ടുണ്ട്. അനാഥാലയങ്ങളിലെ കുട്ടികളുടെ ജനനം രജിസ്റ്റർ ചെയ്യാനുള്ള സംവിധാനവും വ്യവസ്ഥകളും നിലവിൽ ഉള്ളതിനാൽ അത്തരം കുട്ടികളെ സ്കൂളിൽ ചേർക്കുമ്പോൾ ജനന സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന നിബന്ധനയിൽനിന്നും ഒഴിവാക്കേണ്ടതില്ല.

യു. പി. സ്കൂളുകളുടെ ദൂര പരിധി

14 [236] ശ്രീ. ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ യു. പി. സ്കൂൾ ഉള്ള സ്ഥലത്തിന്റെ എത്ര കിലോമീറ്റർ ചുറ്റളവിൽ മറ്റൊരു യു. പി. സ്കൂളിന് അംഗീകാരം നൽകാമെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ദൂരപരിധി പാലിക്കാതെ അനുവദിച്ച സ്കൂളുകളുടെ അംഗീകാരം റദ്ദ് ചെയ്യുമോ;

(സി) ഈ നിബന്ധന പാലിക്കാത്ത സ്കൂളുകൾ എത്രയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പ്രകാരം നിശ്ചിത ദൂരപരിധി നിശ്ചയിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly